LIBRARY ARCHIVES Kerala Legislative Assembly

കട്ടനാട്ടിൽ വെള്ളപ്പൊക്കത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണം

99(4730) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുട്ടനാട്ടിൽ വെള്ളപ്പൊക്കത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികൾക്ക് അനുമതി നൽകി എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ തുക അനുവദിച്ച് നാളിതുവരെ ആരംഭിക്കാത്ത പ്രവൃത്തികൾ ഉത്തരവ് നമ്പർ സഹിതം വ്യക്തമാക്കാമോ; ആയതിനുള്ള കാരണം വിശദമാക്കുമോ?

ഉത്തരം

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ റോഡ് പ്രവൃത്തികൾക്കുള്ള ഫണ്ട് ജില്ലാടിസ്ഥാനത്തിലാണ് അനുവദിക്കുന്നത്. ആയതിനാൽ മറ്റുതരത്തിലുള്ള വിശദാംശങ്ങൾ ലഭ്യമല്ല.

(ബി) ബാധകമല്ല.

പുഴ മുതൽ പുഴ വരെ പദ്ധതി

100(4731) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'പുഴ മുതൽ പുഴ വരെ' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി ഏത് ഏജൻസിയിലൂടെയാണ് നടപ്പാക്കുന്നതെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പുഴകളുടെ ജൈവ ഘടനയെയും ആവാസ വ്യവസ്ഥയേയും എങ്ങനെ ബാധിക്കുമെന്നത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ;

(സി) ഓരോ പുഴയ്ക്കും അവയുടെ ജൈവ ഘടനയ്ക്കും ആവാസ വ്യവസ്ഥയ്ക്കും അനുയോജ്യമായ തരത്തിൽ പ്രത്യേകം പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 15-1-2014-ലെ സ.ഉ (എംഎസ്.) 475/14/റവ. നമ്പർ ഉത്തരവ് പ്രകാരം 'പുഴ മുതൽ പുഴ വരെ' എന്ന പദ്ധതിക്ക് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പ് ലാന്റ് റവന്യൂ കമ്മീഷണർ മുഖേന ആയിരിക്കുന്നതാണ്.

(ബി) പഠനം നടത്തിയിട്ടില്ല.

(സി) പുഴയുടെ ജൈവ ഘടനയും ആവാസ വ്യവസ്ഥയും അനുയോജ്യമായ തരത്തിൽ പുഴ തീരങ്ങൾ സംരക്ഷിക്കുകയെന്നതാണ് 'പുഴ മുതൽ പുഴ വരെ' എന്ന മാതൃകാ പദ്ധതി വിഭാവനം ചെയ്യുന്നത്. ആയതിന്റെ ആദ്യ ഘട്ടമാണ് ഭാരതപ്പുഴ, അച്ചൻകോവിലാർ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നത്.

ഐ.എച്ച്.ആർ.ഡി. കോളേജിനായി പി.ഐ.പി.- യുടെ ഉടമസ്ഥതയിലുള്ള അയിരൂർ വില്ലേജിലെ ഭൂമി കൈമാറ്റം

101(4732) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയിരൂരിലെ നിർദ്ദിഷ്ട ഐ.എച്ച്.ആർ.ഡി. കോളേജിനായി പി.ഐ.പി.-യുടെ ഉടമസ്ഥതയിലുള്ള അയിരൂർ വില്ലേജിലെ ഭൂമി കൈമാറുന്നതു സംബന്ധിച്ച് ഫയൽ എന്നാണ് റവന്യൂ വകുപ്പിൽ എത്തിയിട്ടുള്ളത്; ഈ ഫയലിൻമേൽ, സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും റവന്യൂ വകുപ്പിലെ വിവിധ ഓഫീസുകളിൽ ഏതൊക്കെ തീയതികളിലായി ഇതു സംബന്ധിച്ച ഫയൽ എത്തിയിട്ടുണ്ട് എന്നും ഓരോ ഓഫീസിലും എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നും ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) ഇപ്പോൾ പ്രസ്തുത ഫയൽ ആരുടെ പക്കലാണ് ഉള്ളതെന്നും എന്നു മുതലാണ് ഫയൽ ഈ ഓഫീസിലുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ഭൂമി കൈമാറ്റം സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ റവന്യൂ സെക്രട്ടറി പത്തനംതിട്ട ജില്ലാ കളക്ടർക്ക് എന്നാണ് കത്തു നൽകിയത്; കളക്ടർ ഇതിന് മറുപടി നൽകിയോ; നൽകിയെങ്കിൽ എന്നാണ് കത്ത് നൽകിയത്; ആർക്കാണ് കത്ത് നൽകിയത്; കത്തിന്റെ കോപ്പി ലഭ്യമാക്കാമോ;